# PSC Pre Primary Teacher - Deaf School Education Examination Previous Year Question Paper

*Exam Name: Pre Primary Teacher - Deaf School Education*

***Date of Test : 20.03.2015***

***Question Paper Code: 049/2015***

***Medium of Questions: Malayalam***

49/2015

Maximum : 100 marks

Time : 1 hour and 15 minutes

1. ഒരു സംഘത്തിലെ അംഗങ്ങൾക്കിടയ്ക്ക് കാണപ്പെടുന്ന സ്വീകരണപ്രവണതയും തിരസ്കരണപ്രവണതയും അളക്കുവാൻ ഉപയോഗിക്കുന്ന ദത്തശേഖരണ തന്ത്രം :

   (A) അഭിമുഖം (B) സമൂഹമിതി
   (C) പരിശോധന (D) ക്രിയാഗവേഷണം

2. ബ്രാക്കറ്റ് ഓഫ് ഡിവിഷൻ, മൾട്ടിപ്ലിക്കേഷൻ, അഡിഷൻ, സബ്ട്രാക്ഷൻ ഇവയെ ചുരുക്കി 'BODMAS' എന്നറിയപ്പെടുന്നു. ഇങ്ങനെ ആദ്യാക്ഷരങ്ങൾ കൂട്ടിച്ചേർത്ത് കൃത്രിമമായി പദങ്ങൾ നിർമ്മിക്കുന്ന രീതി :

   (A) അക്രോസ്റ്റിക്സ് (B) അക്രോണിംസ്
   (C) സൂചകപദരീതി (D) ചങ്കിങ്ങ്

3. അദ്ധ്യാപകരിൽ നിന്നും ശകാരം ഏറ്റുവാങ്ങുന്ന കുട്ടികൾ സ്കൂളിലെ പല സാധനങ്ങളും നശിപ്പിക്കുവാൻ ശ്രമിക്കുന്നു. കുട്ടികളിൽ കാണുന്ന ഈ വൈകാരിക രൂപ മാതൃകയ്ക്ക് പറയുന്ന പേര് :

   (A) ആകുലത (B) ഈർഷ്യ
   (C) കോപം (D) ആദേശിതകോപം

4. താഴെപ്പറയുന്നവയിൽ പഠനശൈലിയുമായി ബന്ധമില്ലാത്തത് ഏത്?

   (A) വേഗത്തിൽ പഠിക്കുന്നവർ (B) കണ്ടു പഠിക്കുന്നവർ
   (C) കേട്ട് പഠിക്കുന്നവർ (D) ചെയ്ത് പഠിക്കുന്നവർ

5. രചനാന്തരണ പ്രജനന വ്യാകരണം എന്ന ആശയം മുന്നോട്ട് വച്ച മനഃശാസ്ത്രജ്ഞൻ :

   (A) നോംചോസ്കി (B) പിയാഷെ
   (C) സ്കിന്നർ (D) ബ്രൂണർ

6. പരിപക്വനവുമായി ബന്ധപ്പെട്ട പ്രവർത്തനം താഴെപ്പറയുന്നവയിൽ ഏതാണ്?

   (A) ബസ്സ് ഓടിക്കുക (B) വീണ വായിക്കുക
   (C) ഇരിക്കുക (D) നീന്തുക

7. വിദ്യാഭ്യാസ കാലഘട്ടത്തെ ആറു വർഷം വീതം നീണ്ടു നില്ക്കുന്ന നാല് തരം വിദ്യാലയങ്ങളായി വിഭജിച്ചത് :

   (A) റൂസ്സോ (B) ജോൺഡ്യൂയി
   (C) പൗലോഫ്രെയർ (D) കൊമേനിയസ്



Join PSC WhatsApp Broadcast List : 90747 20773

8. ഒരു പെൻസിലിനെ റോക്കറ്റായി സങ്കല്പിച്ച് കളിക്കുന്ന കുട്ടി പിയാഷെയുടെ വൈജ്ഞാനികവികാസഘട്ടങ്ങളിൽ ഏതിനെ പ്രതിനിധാനം ചെയ്യുന്നു?
   (A) ഐന്ദ്രികചാലകഘട്ടം
   (B) ആശയാധാനപൂർവ്വഘട്ടം
   (C) ഊഹനഘട്ടം
   (D) വസ്തുനിഷ്ഠമനോവ്യാപാരഘട്ടം

9. ഒരു വിഷയത്തിന്റേയോ പ്രവർത്തനത്തിന്റെയോ പഠനം മറ്റൊരു വിഷയത്തിന്റെയോ പ്രവർത്തനത്തിന്റെയോ പഠനത്തിന് പ്രതികൂലമായി ബാധിച്ചാൽ :
   (A) ശൂന്യസംക്രമണം
   (B) അധികസംക്രമണം
   (C) ന്യൂനസംക്രമണം
   (D) ലംബസംക്രമണം

10. 19-ാം നൂറ്റാണ്ട് 'ശിശുവിന്റെ നൂറ്റാണ്ട്' എന്ന പേരിൽ അറിയപ്പെടുന്നത് ആരുടെ പ്രവർത്തനങ്ങളെ മുൻനിർത്തിയാണ്?
   (A) ഫ്രോബൽ
   (B) ഡോ. മുഹമ്മദ് ഇക്ബാൽ
   (C) മരിയമോണ്ടിസോറി
   (D) സ്വാമി വിവേകാനന്ദൻ

11. വൈദികകാല വിദ്യാഭ്യാസത്തിലെ 'ഉപനയനം' എന്ന ചടങ്ങിനോട് സാദൃശ്യം വഹിക്കുന്ന ബുദ്ധമതത്തിലെ ചടങ്ങ് :
   (A) ഉപസമ്പാദന
   (B) പബ്ബജ്ജ
   (C) സമാവർത്തനം
   (D) മടലേറൽ

12. താഴെപ്പറയുന്നവയിൽ പൗലോഫ്രെയറുമായി ബന്ധമില്ലാത്തത് ഏത്?
   (A) പെഡഗോജി ഓഫ് ദി ഒപ്രെസ്സ്ഡ്
   (B) കൾച്ചറൽ ആക്ഷൻ ഫോർ ഫ്രീഡം
   (C) ദി സ്കൂൾ ആന്റ് സൊസൈറ്റി
   (D) പ്രോബ്ലം പോസിംഗ് എഡ്യൂക്കേഷൻ

13. പഠനത്തിൽ അന്തർദൃഷ്ടിയാണ് മുഖ്യഘടകം എന്ന സിദ്ധാന്തം അവതരിപ്പിച്ചത് :
   (A) ചേഷ്ടാവാദം
   (B) ഘടനാവാദം
   (C) മാനവികതാവാദം
   (D) ഗസ്റ്റാൾട്ട് മനഃശാസ്ത്രം

14. വിദ്യാലയത്തിനകത്തും പുറത്തുമുള്ള കുട്ടികളുടെ പെരുമാറ്റ സവിശേഷതകൾ നിരീക്ഷിച്ച് ലഭിക്കുന്ന വസ്തുതകൾ അപ്പപ്പോൾ കുറിച്ചിടുന്ന ദത്തശേഖരണ ഉപകരണം :
   (A) ഉപാഖ്യാനരേഖ
   (B) സഞ്ചിതരേഖ
   (C) ഇൻവെന്ററി
   (D) ചോദ്യാവലി

15. ബ്രാഹ്മണകാലഘട്ടത്തിലെ വിദ്യാഭ്യാസത്തിൽ, വിദ്യാഭ്യാസത്തിലൂടെ ജീവിതത്തിന് തയ്യാറെടുക്കുന്ന ആദ്യ ഘട്ടം :
   (A) ഗാർഹസ്ഥ്യം
   (B) വാനപ്രസ്ഥം
   (C) ബ്രഹ്മചര്യം
   (D) സന്യാസം



Join PSC WhatsApp Broadcast List : 90747 20773

16. 'കോളറ' ഉണ്ടാക്കുന്ന രോഗാണു ഏത് വിഭാഗത്തിൽപ്പെടുന്നു?
(A) വൈറസ് (B) ബാക്ടീരിയ
(C) ഫംഗസ് (D) ചെറുപ്രാണികൾ

17. ഇന്ത്യയിലെ ആദ്യത്തെ വിദ്യാഭ്യാസ കമ്മീഷനായ ഹണ്ടർ കമ്മീഷനെ നിയമിച്ച ഗവർണ്ണർ ജനറൽ :
(A) മെക്കാളെ (B) വില്യം ഹണ്ടർ
(C) സർ ചാൾസ്‌വുഡ് (D) റിപ്പൺ പ്രഭു

18. 1957-ലെ കേരള വിദ്യാഭ്യാസ ബിൽ നിയമസഭയിൽ അവതരിപ്പിച്ചത് :
(A) സി. അച്യുതമേനോൻ (B) ജോസഫ് മുണ്ടശ്ശേരി
(C) സി.എച്ച്. മുഹമ്മദ്കോയ (D) കെ. കരുണാകരൻ

19. ശ്രീനാരായണഗുരുവിന്റെ സമാധിസ്ഥലം സ്ഥിതിചെയ്യുന്നത് :
(A) തക്കല (B) ശിവഗിരി
(C) അരുവിപ്പുറം (D) ചെമ്പഴന്തി

20. സഹവർത്തിതപഠനവുമായി ബന്ധമില്ലാത്ത പ്രസ്താവന ഏത്?
(A) വിവരങ്ങൾ സ്വീകരിക്കുവാൻ മാത്രം കഴിവുള്ളവനായി പഠിതാവിനെ കാണുന്നു
(B) ജ്ഞാനനിർമ്മിതിവാദത്തെ അടിസ്ഥാനമാക്കിയുള്ളത്
(C) സംവാദത്തിന് പ്രാധാന്യം നല്കുന്നു
(D) അദ്ധ്യാപകരും പഠിതാക്കളും അറിവ് പങ്കുവയ്ക്കുന്നു

21. 'പൊതിച്ചോറ്' എന്ന ചെറുകഥയുടെ കർത്താവ് :
(A) കാരൂർ (B) എം.ടി.
(C) തകഴി (D) ഉറൂബ്

22. 'സത്യാർത്ഥപ്രകാശ' എന്ന കൃതി ബന്ധപ്പെട്ടിരിക്കുന്നത് :
(A) ബ്രഹ്മസമാജം (B) ബ്രഹ്മവിദ്യാസംഘം
(C) പ്രാർത്ഥനാസമാജം (D) ആര്യസമാജം

23. ഇന്ത്യയിലെ ആദ്യത്തെ ദേശീയ വിദ്യാഭ്യാസനയം നടപ്പിലാക്കിയത് ഏത് കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്?
(A) കോത്താരി കമ്മീഷൻ (B) ഹണ്ടർ കമ്മീഷൻ
(C) രാധാകൃഷ്ണൻ കമ്മീഷൻ (D) മുതലിയാർ കമ്മീഷൻ

24. അദ്ധ്യാപകന്റെ വ്യക്തിത്വം പഠിതാക്കളുടെ വ്യക്തിത്വത്തിലേക്ക് പകരുകയും തുടർച്ചയായ പരസ്പര സമ്പർക്കം വഴി അബോധമായി തന്നെ അറിവും ആശയങ്ങളും ലയിച്ച് ചേരുന്ന പ്രക്രിയയ്ക്ക് മനഃശാസ്ത്രത്തിൽ പറയുന്ന പേര് :
(A) വ്യതിവ്യാപനം (B) ലംബസംക്രമണം
(C) പാർശ്വസംക്രമണം (D) മാനസികവ്യതിവ്യാപനം



Join PSC WhatsApp Broadcast List : 90747 20773

25. പിയാഷെയുടെ ഇന്ദ്രിയശ്ചാലകഘട്ടത്തിന് സമാനമായിട്ടുള്ള ബ്രൂണറുടെ ഘട്ടം :
(A) ബിംബനഘട്ടം
(B) പ്രതീകാത്മകഘട്ടം
(C) പ്രവർത്തനഘട്ടം
(D) പ്രാഗ്മനോവ്യാപാരഘട്ടം

26. മാനസിക അപഗ്രഥന സിദ്ധാന്തം ആവിഷ്ക്കരിച്ചത് :
(A) ഫ്രോയ്ഡ്
(B) എറിക്സൺ
(C) ആൽബർട്ട് ബന്ദുര
(D) എലിസബത്ത് ഹാർലോക്ക്

27. പഠനവുമായി ബന്ധപ്പെട്ട പാവ്ലോവിന്റെ സിദ്ധാന്തം :
(A) ശ്രമപരാജയപഠനം
(B) ക്ലാസ്സിക്കൽ അനുബന്ധം
(C) പ്രവർത്തനാനുബന്ധനം
(D) ഗസ്റ്റാൾട്ട് മനഃശാസ്ത്രം

28. വൈജ്ഞാനികഭൂപടം എന്ന ആശയം അവതരിപ്പിച്ച മനഃശാസ്ത്രജ്ഞൻ :
(A) ആൽബർട്ട് ബന്ദുര
(B) ബെഞ്ചമിൻ ബ്ലൂം
(C) ബ്രൂണർ
(D) ടോൾമാൻ

29. 'ഇൻഡ്യൻ വിദ്യാഭ്യാസം നൂറ്റാണ്ടുകളിലൂടെ' എന്ന കൃതിയുടെ കർത്താവ് :
(A) ഡോ. ടി.കെ. മുഹമ്മദ്
(B) എ. ശ്രീധരമേനോൻ
(C) പ്രൊ. തായാട്ട് ശങ്കരൻ
(D) ഡോ. പി.കെ. ഗോപാലകൃഷ്ണൻ

30. 'രാമകൃഷ്ണമിഷൻ' എന്ന സംഘടനയുടെ സ്ഥാപകൻ :
(A) സ്വാമി വിവേകാനന്ദൻ
(B) ശ്രീരാമകൃഷ്ണപരമഹംസർ
(C) സി.വി. രാമൻപിള്ള
(D) സർ. സി.വി. രാമൻ

31. മുൻകൂട്ടി നിശ്ചയിച്ച ബോധനോദ്ദേശ്യങ്ങളുടെ അടിസ്ഥാനത്തിൽ നടത്തുന്ന മൂല്യനിർണ്ണയം :
(A) വർഗ്ഗീകരണം
(B) സ്പഷ്ടീകരണം
(C) ഉദ്ദേശ്യാധിഷ്ഠിതമൂല്യനിർണ്ണയം
(D) നിരന്തരമൂല്യനിർണ്ണയം

32. അദ്ധ്യാപകന് ഒരു കുട്ടിയെ സമഗ്രമായി പഠിക്കുന്നതിന് ഏറ്റവും വിശ്വാസ്യമായ മൂല്യനിർണ്ണയ ഉപാധി :
(A) നിരീക്ഷണം
(B) മുഖാമുഖം
(C) സമൂഹമിതി
(D) വ്യക്തിപഠനം

33. ഒരു നല്ല ശോധകത്തിന്റെ സവിശേഷതകളിൽ ഉൾപ്പെടാത്തത് ഏത്?
(A) വസ്തുനിഷ്ഠത
(B) വ്യക്തിപരത
(C) സമഗ്രത
(D) സാധുത



Join PSC WhatsApp Broadcast List : 90747 20773

34. കൊച്ചു കുട്ടികൾ ദേഷ്യം വരുമ്പോൾ ശരീരം മുഴുവൻ ഇളക്കി ബഹളം വയ്ക്കുന്നു. ഇത് വ്യക്തമാക്കുന്നത് :
   - (A) വികസനം അനുസ്യൂത പ്രക്രിയയാണ്
   - (B) വികസനം ക്രമാനുഗതമാണ്
   - (C) വികാസഗതി സാമാന്യപ്രതികരണങ്ങളിൽ നിന്ന് വിശേഷ പ്രതികരണങ്ങളിലേക്ക് എന്ന ക്രമത്തിൽ
   - (D) വികാസത്തിന് വ്യക്തമായ ഒരു ദിശയുണ്ട്

35. സർഗ്ഗശേഷി അളന്ന് നിർണ്ണയിക്കുവാൻ സഹായകമായ മാനകീകൃതശോധകമാണ് :
   - (A) ടോറൻസ് ടെസ്റ്റ് ഓഫ് ക്രിയേറ്റീവ് തിങ്കിങ്ങ്
   - (B) കുണ്ടൂസ് ന്യൂറോട്ടിക് പെർസണാലിറ്റി ഇൻവെന്ററി
   - (C) പ്രകരണ സംപ്രത്യക്ഷണ പരീക്ഷ
   - (D) പദാനുബന്ധ പരീക്ഷ

36. പഠനത്തിലൂടെ ഒരു കുട്ടി നേടുന്ന വികസനം സമീപസ്ഥ വികസനമണ്ഡലത്തിന്റെ പരിധിക്കുള്ളിലായിരിക്കുമെന്ന് സമർത്ഥിച്ചത് :
   - (A) പിയാഷെ
   - (B) ബ്രൂണർ
   - (C) വൈഗോഡ്സ്കി
   - (D) ചോംസ്കി

37. കുട്ടി നേടിയ അറിവിനോട് പുതിയ അറിവുകൾ ഒന്നിനോടൊന്ന് കൂട്ടിച്ചേർത്ത് അറിവിന്റെ വിശാലമായ ലോകത്തേക്ക് കുട്ടിയെ നയിക്കുന്ന രീതി :
   - (A) കണ്ടെത്തൽ പഠനം
   - (B) ചാക്രികാരോഹണം
   - (C) ആശയം സ്വായത്തമാക്കൽ
   - (D) സംവാദാത്മകപഠനം

38. ഓരോ വിഷയത്തിനും പഠിതാവ് നേടിയ സ്കോറിനെ ഗ്രേഡാക്കി മാറ്റുന്ന ഗ്രേഡിങ്ങ് രീതി :
   - (A) അബ്സൊല്യൂട്ട് ഗ്രേഡിങ്ങ്
   - (B) ഡയറക്റ്റ് ഗ്രേഡിങ്ങ്
   - (C) സംരചനാമൂല്യനിർണ്ണയം
   - (D) അത്യന്തികമൂല്യനിർണ്ണയം

39. താഴെപ്പറയുന്നവയിൽ ടൈംടേബിളിന്റെ നിർമ്മിതിയുമായി ബന്ധമില്ലാത്തത് ഏത്?
   - (A) ആലസ്യസിദ്ധാന്തം
   - (B) വൈവിധ്യസിദ്ധാന്തം
   - (C) ആപേക്ഷികസിദ്ധാന്തം
   - (D) നീതിസിദ്ധാന്തം

40. വിഭവങ്ങൾ പരസ്പരം പങ്കുവെയ്ക്കുവാൻ കഴിയുമാറ് സമീപസ്ഥലങ്ങളിലെ എട്ടുപത്ത് വിദ്യാലയങ്ങൾ ഒരൊറ്റ ക്ലസ്റ്ററായി സ്ഥാപിക്കുന്ന സമ്പ്രദായം :
   - (A) ബി.ആർ.സി.
   - (B) ഡയറ്റ്
   - (C) സ്കൂൾ കോംപ്ലക്സ്
   - (D) കമ്മ്യൂണിറ്റി സ്കൂൾ

41. താഴെപ്പറയുന്നവയിൽ ഹൈപ്പോ കൈനിറ്റിക് രോഗങ്ങളിൽ പെടാത്തത് ഏത്?
   - (A) പ്രമേഹം
   - (B) രക്താതിസമ്മർദ്ദം
   - (C) ഓസ്റ്റിയോപൊറോസ്സിസ്
   - (D) ക്ഷയം



Join PSC WhatsApp Broadcast List : 90747 20773

42. ശരീരത്തിന് അർദ്ധവൃത്താകൃതി നല്കുമാറ് നട്ടെല്ലിനെ വളയ്ക്കുന്ന നിലയിലുള്ള ആസനം :

(A) ചക്രാസനം (B) വജ്രാസനം

(C) ശവാസനം (D) ഹലാസനം

43. ഗാന്ധിജി വിഭാവന ചെയ്ത അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ ആശയങ്ങൾ ഉൾക്കൊള്ളുന്ന ഒരു പദ്ധതി :

(A) പഞ്ചായത്ത് സ്കൂൾ (B) പി.ടി.എ.

(C) എസ്.എം.സി. (D) കമ്മ്യൂണിറ്റി സ്കൂൾ

44. താഴെപ്പറയുന്നവയിൽ കായികക്ഷമതയുടെ ഘടകങ്ങളിൽ പെടാത്തത് ഏത്?

(A) അയവ് (B) മറവി

(C) ബലം (D) അനായാസത

45. അസ്ഥികൾക്ക് ബലഹീനത ഉണ്ടാകുകയും അവ ഒടിയാനുള്ള സാദ്ധ്യത ഏറുകയും ചെയ്യുന്ന ഒരു രോഗം :

(A) ഓസ്റ്റിയോപൊറോസ്സിസ് (B) പൊണ്ണത്തടി

(C) രക്തവാതം (D) ബോൺ ക്യാൻസർ

46. 'വിദ്യാഭ്യാസ ലക്ഷ്യങ്ങൾ കൈവരിക്കാനായി വിദ്യാലയങ്ങൾ പ്രയോജനപ്പെടുത്തുന്ന എല്ലാ അനുഭവങ്ങളും ഉൾപ്പെടുന്നതാണ് പാഠ്യപദ്ധതി' – ഇങ്ങനെ അഭിപ്രായപ്പെട്ടത് :

(A) ആർതർ കണ്ണിംഹാം (B) മൺഡ്രോ

(C) റൂസ്സോ (D) ഗാന്ധിജി

47. 'ഓപ്പറേഷൻ ബ്ലാക് ബോർഡ്' പദ്ധതി :

(A) സങ്കലിത വിദ്യാഭ്യാസം (B) പ്രാഥമിക വിദ്യാഭ്യാസം

(C) തൊഴിലധിഷ്ഠിത വിദ്യാഭ്യാസം (D) സൈനിക വിദ്യാഭ്യാസം

48. കുട്ടികളിൽ കാണുന്ന അക്രമാകതവ്യവഹാരങ്ങളുടെ വിനിമയം വിശദീകരിക്കുന്നതിന് ആൽബർട്ട് ബന്ദുര നടത്തിയ പരീക്ഷണം :

(A) ബോബോ ഡോൾ പരീക്ഷണം (B) സചിത്രആശാരംഗ പരീക്ഷ

(C) സംഘ പരീക്ഷ (D) ഫിംഗർ ഡെക്സ്റ്റിരിറ്റി ടെസ്റ്റ്

49. അദ്ധ്യാപകന് വേണ്ടി അദ്ധ്യാപകൻ തന്നെ നടത്തുന്ന അദ്ധ്യാപകന്റെ ഗവേഷണ പ്രവർത്തനം :

(A) വ്യക്തിപഠനം (B) അഭിമുഖം

(C) അസൈൻമെന്റ് (D) ക്രിയാഗവേഷണം

50. ബുദ്ധിയുടെ പൊതുസ്വഭാവത്തെ ഫ്ലൂയിഡ് ഇന്റലിജൻസ്, ക്രിസ്റ്റൽ ഇന്റലിൻസ് എന്നിങ്ങനെ രണ്ടു ഘടകങ്ങളായി അവതരിപ്പിച്ചത് :

(A) കാറ്റൽ (B) സ്പിയർമാൻ

(C) ഗാർഡ്നർ (D) ഗിൽഫോർഡ്



Join PSC WhatsApp Broadcast List : 90747 20773

51. കാഴ്ചയ്ക്ക് സാദൃശ്യമായവയെ ഒരു കൂട്ടമായി കാണുവാനുള്ള പ്രവണത നമുക്കുണ്ട്. ഗസ്റ്റാൾട്ട് മനഃശാസ്ത്രവുമായി ബന്ധപ്പെട്ട ഈ നിയമം :

(A) തുടർച്ചാനിയമം (B) സാമീപ്യനിയമം

(C) സാദൃശ്യനിയമം (D) പരിപൂർത്തിനിയമം

52. 'കുതിരയെ വെള്ളത്തിന്റെ അടുത്തേയ്ക്ക് നയിക്കാമെന്നല്ലാതെ വെള്ളം കുടിപ്പിക്കാനാവില്ല' എന്ന ചൊല്ലിൽ അന്തർഭവിച്ചിരിക്കുന്ന പഠനവുമായി ബന്ധപ്പെട്ട ഘടകം :

(A) പഠനശൈലി (B) പഠനവക്രം

(C) പഠനപീഠസ്ഥലി (D) പഠനസന്നദ്ധത

53. എല്ലാ സ്ത്രീകളുടെയും അബോധമനസ്സിൽ പുരുഷത്വം ഉണ്ടെന്ന് യുങ്ങ് സിദ്ധാന്തിച്ചു. ഇതിനെ അദ്ദേഹം വിളിച്ചത് :

(A) അനിമ (B) അനിമസ്

(C) ഷാഡോ (D) ആദിരൂപം

54. 1914-ൽ നെയ്യാറ്റിൻകരയിലെ ഒരു സർക്കാർ സ്കൂളിൽ അയ്യങ്കാളി ചേർക്കാനായി കൊണ്ടുവന്ന പുലയക്കുട്ടിയെ ഹെഡ്മാസ്റ്റർ ചേർത്തില്ല. തുടർന്നുണ്ടായ കലാപത്തെ അറിയപ്പെടുന്നത് :

(A) ചാന്നാർ ലഹള (B) മാപ്പിള ലഹള

(C) നെയ്യാറ്റിൻകര കലാപം (D) തൊണ്ണൂറാമാണ്ട് ലഹള

55. NCF-ന്റെ പൂർണ്ണരൂപം :

(A) നാഷണൽ കൗൺസിൽ ഫ്രെയിംവർക്ക് (B) നാഷണൽ കരിക്കുലം ഫ്രെയിം

(C) നാഷണൽ കരിക്കുലം ഫ്രെയിംവർക്ക് (D) നാഷണൽ കരിക്കുലം ഫോം

56. കേന്ദ്രഗവൺമെന്റിൽ വിദ്യാഭ്യാസകാര്യങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പ് :

(A) മാനവശേഷി വികസനവകുപ്പ് (B) ആഭ്യന്തരവകുപ്പ്

(C) പ്രതിരോധവകുപ്പ് (D) സാമൂഹ്യക്ഷേമവകുപ്പ്

57. കേരളത്തിലെ SCERT - യുടെ ആസ്ഥാനം :

(A) കൊല്ലം (B) തൃശ്ശൂർ

(C) തിരുവനന്തപുരം (D) എറണാകുളം

58. ബെഞ്ചമിൻ എസ്. ബ്ലൂമിന്റെ ബോധനോദ്ദേശ്യങ്ങളുടെ വർഗ്ഗീകരണത്തിൽ വൈജ്ഞാനികമേഖലയിൽ ഉൾപ്പെടാത്ത ഉദ്ദേശ്യം :

(A) അറിവ് (B) താല്പര്യം

(C) ഗ്രഹണം (D) പ്രയോഗം



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

67. 'മനുഷ്യൻ സ്വതന്ത്രനായാണ് ജനിക്കുന്നത്. പക്ഷേ അവനെവിടെയും ചങ്ങലയാൽ ബന്ധിതനാണ്' ഈ അഭിപ്രായം :

(A) ഗാന്ധിജി
(B) അരിസ്റ്റോട്ടിൽ
(C) റൂസ്സോ
(D) ജോൺ ഡ്യൂയി

68. ഒരു കടലാസ്സിൽ മഷി ഒഴിച്ച് കടലാസ് മദ്ധ്യത്തിൽവച്ച് മടക്കുമ്പോൾ രൂപം കൊള്ളുന്ന അവ്യക്തരൂപങ്ങളുടെ വിശദീകരണത്തിലൂടെ വ്യക്തിത്വം നിർണ്ണയിക്കുന്ന പരീക്ഷ :

(A) തീമാറ്റിക് അപ്പർ സെപ്ഷൻ ടെസ്റ്റ്
(B) പദാനുബന്ധ പരീക്ഷ
(C) റോഷ്യാ മഷിയൊപ്പ് പരീക്ഷ
(D) വ്യക്തിചിത്രീകരണ പരീക്ഷ

69. മനുഷ്യന്റെ അഭിപ്രേരകങ്ങളിൽ ഏറ്റവും മുകളിൽ നില്ക്കുന്നത് ആത്മസാക്ഷാത്കാരാവശ്യങ്ങളാണെന്ന് അഭിപ്രായപ്പെട്ടത് :

(A) ഗാർഡ്നർ
(B) സ്കിന്നർ
(C) യുങ്ങ്
(D) അബ്രഹാം മാസ്‌ലോ

70. ഓരോ സബ്ജില്ലയിലേയും അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനവും തത്സമയ പിന്തുണയും കൊടുക്കുന്നതിന് വേണ്ടിയുള്ള പിന്തുണാ സംവിധാനമാണ് :

(A) പി.ടി.എ.
(B) ഡി.ഇ.ഒ.
(C) എം.പി.ടി.എ.
(D) ബി.ആർ.സി.

71. പഠനച്ചുമതലയെ വ്യത്യസ്തഭാഗങ്ങളിലാക്കി ഗ്രൂപ്പുകൾക്ക് നല്കുകയും ഓരോ ഗ്രൂപ്പും പഠനച്ചുമതല പൂർത്തീകരിച്ച് കണ്ടെത്തലുകൾ അവതരിപ്പിക്കുകയും ചെയ്യുന്നു. ഈ പഠനരീതി :

(A) സഹവർത്തിത പഠനം
(B) അന്വേഷണാത്മക പഠനം
(C) കണ്ടെത്തൽ പഠനം
(D) സംവാദാത്മക പഠനം

72. ബുദ്ധിമാനം (I.Q.) 110-119 - ഇടയിലുള്ളവർ 'ടെർമാന്റെ' അഭിപ്രായത്തിൽ ഏത് വിഭാഗത്തിൽ പെടുന്നു?

(A) പ്രതിഭാശാലി
(B) അതിബുദ്ധിമാൻ
(C) മന്ദബുദ്ധി
(D) ബുദ്ധിമാൻ

73. വിദ്യാഭ്യാസ മനഃശാസ്ത്രത്തിലെ വിചാരമാതൃകയായ ഘടനാവാദത്തിന്റെ പ്രയോക്താവ് :

(A) വില്യം ജെയിംസ്
(B) വില്യംവുണ്ട്
(C) പാവ്‌ലോവ്
(D) തോൺഡേക്ക്

74. ഏതെങ്കിലും ഒരു പ്രത്യേക പ്രവൃത്തി കാര്യക്ഷമമായി ചെയ്യുവാൻ വ്യക്തിയെ സഹായിക്കുന്ന ഉന്നതനിലവാരമുള്ള ശേഷി :

(A) മനോഭാവം
(B) മൂല്യബോധം
(C) നൈപുണി
(D) കൃത്യനിഷ്ഠത



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

83. 'മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന് പെറ്റമ്മ തൻ ഭാഷ താൻ' :
- പ്രസ്തുത വരികൾ ആരുടേതാണ്?

(A) വള്ളത്തോൾ (B) ആശാൻ
(C) ഉള്ളൂർ (D) വയലാർ

84. ഇമ്യൂണോളജിയുടെ പിതാവ് എന്നറിയപ്പെടുന്നത് :

(A) ലൂയിപാസ്ചർ (B) എഡ്വേർഡ് ജന്നർ
(C) അലക്സാണ്ടർ ഫ്ലെമിംഗ് (D) ഐസക് ന്യൂട്ടൻ

85. സർക്കസ്സിലെ കരിമ്പുലിയെ ആദ്യം ഇലക്ട്രിക്ക് ഷോക്ക് കൊടുക്കുകയും ഒപ്പം ചാട്ടവാറടി ശബ്ദം കേൾപ്പിക്കുകയും ചെയ്യുന്നു. ക്രമേണ ചാട്ടവാറടി ശബ്ദം കേൾക്കുമ്പോൾ തന്നെ കരിമ്പുലി ചാടുന്നു. ഇവിടെ വ്യക്തമാകുന്ന മനഃശാസ്ത്രസിദ്ധാന്തം :

(A) ശ്രമപരാജയ പഠനം (B) പ്രബലന നിയമം
(C) അന്തർദൃഷ്ടി പഠനം (D) അനുബന്ധന സിദ്ധാന്തം

86. SAARS (സാർസ്) രോഗം ബാധിക്കുന്നത് :

(A) കരൾ (B) ഹൃദയം
(C) ശ്വസനവ്യവസ്ഥ (D) തലച്ചോർ

87. 'ഇൻഡ്യൻ വിദ്യാഭ്യാസത്തിന്റെ മാഗ്നകാർട്ട' എന്നറിയപ്പെടുന്നത് :

(A) മെക്കാളെ മിനിട്ട്സ് (B) സർജന്റ് റിപ്പോർട്ട്
(C) ഹണ്ടർ കമ്മീഷൻ റിപ്പോർട്ട് (D) വുഡ്സ് ഡസ്പാച്ച്

88. ആകൃതിയും രൂപവും വ്യത്യാസപ്പെടുമ്പോൾ അളവിൽ മാറ്റം സംഭവിക്കില്ലെന്ന തിരിച്ചറിവാണ് :

(A) വസ്തുസ്ഥൈര്യം (B) കൺസർവേഷൻ
(C) അഹം കേന്ദ്രീകൃത ചിന്ത (D) പ്രതീകാത്മക ചിന്തനം

89. അസ്കോർബിക് ആസിഡ് എന്നറിയപ്പെടുന്ന ജീവകം :

(A) വൈറ്റമിൻ ഡി (B) വൈറ്റമിൻ സി
(C) വൈറ്റമിൻ എ (D) വൈറ്റമിൻ ബി

90. 'സർവ്വരും പഠിക്കുക സർവ്വരും വളരുക' എന്ന മുദ്രാവാക്യം ബന്ധപ്പെട്ടിരിക്കുന്നത് :

(A) എസ്.എസ്.എ. (B) ഡി.പി.ഇ.പി.
(C) എം.എൽ.എൽ. (D) വിദൂരവിദ്യാഭ്യാസം



Join PSC WhatsApp Broadcast List : 90747 20773